**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരളാ മുനിസിപ്പൽ കോമൺ സർവ്വീസ് - പത്തനംതിട്ട നഗരസഭയിലെ ഒന്നാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടറായ ശ്രീമതി. റാബിയ എസ്.എം. ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ സമർപ്പിച്ച ഒ.എ. 53/2018 ൽ 10.01.2018 തീയതിയിലെ വിധിന്യായം - നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പ്

സ.ഉ.(സാധാ) നം. 792/2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 24.03.2018

---

പരാമർശം : 1) പത്തനംതിട്ട നഗരഭയിലെ ഒന്നാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടറായ ശ്രീമതി. റാബിയ എസ്.എം. സർക്കാരിൽ സമർപ്പിച്ച നിവേദനം. (Annexure A8).

2) ശ്രീമതി . റാബിയ എസ്.എം. ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. 53/2018 നമ്പർ കേസിന്മേൽ 10.01.2018 തീയതിയിലെ വിധിന്യായം.

3) നഗരകാര്യ ഡയറക്ടറുടെ 05.03.2018 തീയതിയിലെ ഇ 5-5014/18 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

പത്തനംതിട്ട നഗരസഭയിലെ ഒന്നാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടറായ ശ്രീമതി. റാബിയ എസ്.എം. പരാമർശം 1 പ്രകാരം, ചങ്ങനാശ്ശേരി നഗരസഭയിൽ രണ്ടാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടറായി സേവനമനുഷ്ഠിച്ചു വന്ന തന്നെ 04.02.2017-ലെ E5-1196/16 ഉത്തരവ് പ്രകാരമാണ് ഒന്നാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി പത്തനംതിട്ട നഗരസഭയിൽ നിയമിച്ചത് എന്നും 2017-18 വർഷത്തെ പൊതുസ്ഥലംമാറ്റ

അപേക്ഷ പരിഗണിച്ച കൃ ലിസ്റ്റിൽ താൻ ആലപ്പുഴ നഗരസഭയിൽ ഉൾപ്പെട്ടിരുന്നെങ്കിലും ശ്രീ. എം.ആർ. സലിം ഷാ യെയാണ് അവിടെ നിയമിച്ചത് എന്നും കൃ ലിസ്റ്റിന്റെ സാധുത നഷ്ടമായതിനാൽ ടിയാൾക്ക് പത്തനംതിട്ടയിൽത്തന്നെ തുടരേണ്ടിവന്നുവെന്നും വിരമിക്കാൻ ഒരു വർഷവും 4 മാസവും മാത്രം ബാക്കി നിൽക്കുന്ന ആലപ്പുഴ നഗരസഭാ നിവാസിയായ തന്നെ, ശ്രീ. എം.ആർ സലിംഷ 2018 മെയ് മാസം വിരമിക്കുമ്പോഴുണ്ടാകുന്ന ഒഴിവിൽ നിയമിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും അപേക്ഷിച്ചിരിക്കുന്നു.

2. കൂടാതെ ഇതേ ആവശ്യമുന്നയിച്ച് ടിയാൾ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ 53/2018 കേസിലെ പരാമർശം 2 പ്രകാരമുള്ള വിധിയിൽ ഒന്നാം എതിർകക്ഷിയായ സർക്കാർ അനക്ഷർ A8 അപേക്ഷ പരിശോധിച്ച് അപേക്ഷകയെയും 3-ാം എതിർകക്ഷിയേയും നേരിൽകേട്ട് മൂന്ന് മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

3. ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ നിർദ്ദേശ പ്രകാരം തദ്ദേശ സ്വയം ഭരണ അണ്ടർ സെക്രട്ടറി, 06.03.2018-ന് അപേക്ഷകയെയും മൂന്നാം എതിർകക്ഷിയായ ശ്രീ. സലിംഷായെയും നേരിൽ കേൾക്കുകയുണ്ടായി. നേരിൽകേട്ട സമയത്തും ശ്രീമതി. റാബിയ സർക്കാരിൽ സമർപ്പിച്ച അപേക്ഷയിലെ ആവശ്യങ്ങൾ തന്നെ ഉന്നയിക്കുകയുണ്ടായി.

4. കരുനാഗപ്പള്ളി നഗരസഭയിൽ ഒന്നാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടറായി ജോലിനോക്കവേ 10.01.2017 ൽ കൊടുങ്ങല്ലൂർ നഗരസഭയിലേയ്ക്ക് സ്ഥലംമാറ്റുകയും അതിനെതിരെ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിനെ സമീപിക്കുകയും 11.01.2017 ൽ സ്റ്റേ വാങ്ങുകയും, സ്റ്റേ നിലനിൽക്കേ തന്നെ ജോലിയിൽ നിന്നും വിടുതൽ ചെയ്യിച്ച് മറ്റൊരാളെ ജോലിയിൽ പ്രവേശിപ്പിക്കുകയും അതിനെതിരെ കോടതിയലക്ഷ്യത്തിന് കേസ് നടത്തി വരുന്നുവെന്നും ആലപ്പുഴ ജില്ലക്കാരനായതിനാൽ 10.10.2017-ൽ ആലപ്പുഴ നഗരസഭയിൽ നിയമനം നൽകിയിട്ടുണ്ടെന്നും നേരിൽ കേട്ട സമയത്ത് ശ്രീ. സലിംഷാ അറിയിക്കുകയുണ്ടായി.

5. നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം, കരുനാഗപ്പള്ളി നഗരസഭയിൽ ഒന്നാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ ശ്രീ. സലിം ഷാ ജോലി ചെയ്തുവരവേ നഗരകാര്യ ഡയറക്ടറുടെ 10.01.2017-ലെ ഇ 5-11961/16 നമ്പർ ഉത്തരവ് പ്രകാരം ടിയാനെ കൊടുങ്ങല്ലൂർ നഗരസഭയിലേയ്ക്ക്

സ്ഥലംമാറ്റിയിട്ടുള്ളതാണ്. ടി സ്ഥലംമാറ്റ ഉത്തരവിനെതിരേ ടിയാൻ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഒ.എ. 70/17 നമ്പരായി ഹർജി ഫയൽ ചെയ്യുകയും ആയതിന് ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ നിന്നും 11.01.2017-ൽ ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ടി വിധിന്യായത്തിൽ ടിയാനെ കരുനാഗപ്പള്ളി നഗരസഭയിൽത്തന്നെ നിലനിർത്തുന്നതിന് ഉത്തരവായിട്ടുള്ളതാണ്. എന്നാൽ നഗരകാര്യ ഡയറക്ടറുടെ 10.01.2017-ലെ ഉത്തരവ് പ്രകാരം ശ്രീ. ടി.കെ. പത്മകുമാറിനെ കൊല്ലം നഗരസഭയിൽ നിന്നും കരുനാഗപ്പള്ളി നഗരസഭയിലേയ്ക്ക് സ്ഥലംമാറ്റി നിയമിച്ചിട്ടുള്ളതും കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 11.01.2017-ലെ വിധിന്യായ ഉത്തരവ് കരുനാഗപ്പള്ളി നഗരസഭയിൽ ലഭിക്കുന്നതിന് മുന്പ് തന്നെ ശ്രീ. ടി.കെ. പത്മകുമാർ കരുനാഗപ്പള്ളി നഗരസഭയിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതുമാണ് എന്ന് അറിയിക്കുകയുണ്ടായി.

6. ശ്രീ. സലിം ഷാ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത 28.06.2017 ലെ ഒ.എ 70/17 മേൽ അന്തിമ ഉത്തരവിൽ ടിയാനെ ആലപ്പുഴ നഗരസഭയിലോ ആലപ്പുഴ ജില്ലയിലെ ഏതെങ്കിലും നഗരസഭയിലോ നിയമനം നൽകുന്നതിന് ഉത്തരവായിട്ടുള്ളതിന്റെ അടിസ്ഥാനത്തിലും ടിയാൻ 31.05.2018 തീയതിയിൽ വിരമിക്കുന്നുവെന്നതും പരിഗണിച്ചാണ് ശ്രീ. സലിം ഷായ്ക്ക് 06.10.2017 ലെ ഇ 5-11961/16(1) ഉത്തരവ് പ്രകാരം ആലപ്പുഴ നഗരസഭയിൽ നിയമനം നൽകിയത് എന്നും ആലപ്പുഴ നഗരസഭയിൽ നിലവിൽ ഒന്നാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ ഒഴിവില്ലാത്തതിനാലാണ് ശ്രീമതി. റാബിയ എസ്.എം. ന്റെ സ്ഥലംമാറ്റ അപേക്ഷ പരിഗണിക്കാതിരുന്നത് എന്നും നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തു.

7. കൂടാതെ, ശ്രീമതി. റാബിയ എസ്.എം. സമർപ്പിച്ച അനക്ഷർ എ 8 അപേക്ഷ പരിശോധിച്ചതിൽ ടിയാൾ സ്ഥലംമാറ്റം ആവശ്യപ്പെട്ടിരിക്കുന്ന കായംകുളം ഹരിപ്പാട്, കരുനാഗപ്പള്ളി, മാവേലിക്കര എന്നീ നഗരസഭകളിൽ നിലവിൽ ഒന്നാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ ഒഴിവ് നിലവിലില്ലായെന്നും 2018-2019-ലെ പൊതുസ്ഥലംമാറ്റത്തിന് സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ , ആയതിൽ ടിയാൾ അപേക്ഷിക്കുന്ന മുറയ്ക്ക് അർഹതയുടേയും മാനദണ്ഡത്തിന്റെയും അടിസ്ഥാനത്തിൽ ശ്രീമതി. റാബിയയുടെ അപേക്ഷ പരിഗണിക്കുന്നതാണെന്ന് നഗരകാര്യ ഡയറക്ടർ അറിയിച്ചു.

8. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹു. ട്രിബ്യൂണലിന്റെ നിർദ്ദേശപ്രകാരം പരാതികക്ഷിയേയും എതിർകക്ഷിയേയും നഗരകാര്യ വകുപ്പിലെ ഉദ്യോഗസ്ഥരേയും നേരിൽക്കേട്ടതിന്റെയും ബഹു. ട്രിബ്യൂണലിന്റെ നിരീക്ഷണത്തിനു വിധേയമായ അനക്സർ എ 8 വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലും

നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിലും 31/05/2018-ൽ സർവ്വീസിൽ നിന്നും വിരമിക്കുന്ന ശ്രീ സലിം ഷായുടെ ഒഴിവിൽ, വിരമിക്കാൻ ഒരു വർഷവും 4 മാസവും മാത്രം ബാക്കി നിൽക്കുന്ന ശ്രീമതി. റാബിയ എസ്. എം. എന്ന ജീവനക്കാരിയെ ടിയാളുടെ ഹോം സ്റ്റേഷനായ ആലപ്പുഴ നഗരസഭയിൽ 25.02.2017-ലെ സർക്കാർ ഉത്തരവിലെ പ്രത്യേക മുൻഗണന പരിശോധിച്ച് സ്ഥലംമാറ്റേണ്ടതാണെന്ന നിർദ്ദേശം നഗരകാര്യ ഡയറക്ടർക്ക് നൽകിക്കൊണ്ട് ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം 2 പ്രകാരമുള്ള വിധിന്യായത്തിലെ നിർദ്ദേശം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**വി.എസ്. സന്തോഷ് കുമാർ,**
**അണ്ടർ സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ഡയറക്ടർ, കേരളാ സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീമതി. റാബിയ എസ്.എം., ഒന്നാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടർ,
പത്തനംതിട്ടനഗരസഭ.
ശ്രീ. എം.ആർ. സലിം ഷാ, ഒന്നാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടർ,
കരുനാഗപ്പള്ളി നഗരസഭ.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**